(ബി) ഇത് ഏതെല്ലാം പ്രവൃത്തികൾക്കായിട്ടാണ് അനുവദിച്ചതെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 7 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ജലശുദ്ധീകരണശാല, റോവാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, ഇന്റർ കണക്ഷൻ. വിതരണ ശൃംഖല, റോ-വാട്ടർപമ്പ് സെറ്റ്, വൈദ്യുതി കണക്ഷനുവേണ്ടി വൈദ്യുതി ബോർഡിൽ അടച്ച തുക മുതലായ പ്രവൃത്തികൾക്ക് വേണ്ടിയാണ് മുകളിൽ പറഞ്ഞ തുക ചെലവിട്ടത്. ഇതിൽ റോ-വാട്ടർ & ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പണികൾ എരമല്ലൂർ തൃക്കാരിയൂർ മേഖലയിലേക്കുള്ള ഗ്രാവിറ്റി മെയ്ൻ എന്നിവ ഒഴികെയുള്ള പണികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പമ്പുസെറ്റുകൾ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ഈ മാർച്ച് അവസാനത്തോടെ ഈ പണികൾ പൂർത്തീകരിക്കുന്നതാണ്. 2011 മാർച്ചോടുകൂടി ഈ പദ്ധതി ഭാഗികമായി കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഒഴൂർ-പൊൻമുണ്ടം ശുദ്ധജല പദ്ധതി

137 (1865) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ-പൊൻമുണ്ടം ശുദ്ധജല പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പദ്ധതിയുടെ സർവ്വേ പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതൊക്കെ പഞ്ചായത്തുകളിൽ ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കും ; എത്ര ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ ചെലവിനായി എത്ര രൂപയാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലെ ഒഴൂർ പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് ഡി.ഇ.ആർ. തയ്യാറാക്കിയിട്ടുണ്ട്. പൊൻമുണ്ടം പഞ്ചായത്തിനുവേണ്ടിയുള്ള പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) ഒഴൂർ പഞ്ചായത്തിന്റെ സർവ്വേ പൂർത്തിയാക്കിയാണ് ഡി.ഇ.ആർ. തയ്യാറാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒഴൂർ പഞ്ചായത്തിന് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ ആ പഞ്ചായത്തിലെ 34370 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ്.

(ഡി) ഡി.ഇ.ആർ. പ്രകാരം ഈ പദ്ധതിയുടെ അടങ്കൽ തുക 1235 ലക്ഷം രൂപയാണ്.

മുന്നിയൂർ തേഞ്ഞിപ്പാലം ചേലമ്പ്ര ശുദ്ധജല വിതരണ പദ്ധതി

138 (1866) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ മുന്നിയൂർ തേഞ്ഞിപ്പാലം ചേലമ്പ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഇംപ്രൂവ്മെന്റിനുള്ള പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികൾ 12 പാക്കേജുകളായി തിരിച്ച് ഒരു പാക്കേജിന് വർക്ക് ഓർഡർ നൽകുകയും 8 പാക്കേജുകളുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. മൂന്ന് പാക്കേജുകളുടെ വിശദമായ എസ്റ്റിമേറ്റ് പരിശോധന അന്തിമഘട്ടത്തിലാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ നിരക്ക് വർദ്ധനവ് നിലവിൽ വന്നതിനാൽ കരാറുകാരിൽനിന്നും മതിയായ ദർഘാസുകൾ ലഭിക്കുകയുണ്ടായില്ല. ഇതിനാൽ ഈ പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. കൂടാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അനുമതി തേടേണ്ടതായും വന്നിട്ടുണ്ട്.

(സി) ഈ പദ്ധതി മാർച്ച് 2012-ന് മുമ്പായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ചെങ്ങന്നൂർ ജലസേചന പദ്ധതി

139 (1867) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓഗ്മെന്റേഷൻ ഓഫ് അർബൻ വാട്ടർ സപ്ലൈസ് സ്കീം ചെങ്ങന്നൂർ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത സ്കീം പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly